ഉദ്യോഗസ്ഥന്മാർക്ക് നൽകുകയും, അതിലും പരിഹരിക്കപ്പെടാത്ത കേസ്സുകൾ ബന്ധപ്പെട്ട കോടതിക്ക് വിടണമെന്ന ശുപാർശയോടെ സർക്കാരിന് അയച്ചുത രികയും ചെയ്യുന്നുണ്ട്.

(സി) ഇത്തരം ജീവനക്കാരുടെ പരാതി ലഭിച്ചാൽ അടിയന്തിര നടപടി സ്വീകരിക്കുവാൻ ലേബർ ഓഫീസർമാർക്ക് നിർദ്ദേശം നല്കാറുണ്ട്.

76 (3544) സബ്സിസ്റ്റൻസ് അലവൻസ്

ശ്രീ. വി. ബലറാം :

ശ്രീ. പി.ജെ. ഫ്രാൻസിസ് :

ശ്രീ. ഇ.എം. അഗസ്തി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേച നവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വ്യവസായങ്ങൾ പൂട്ടിയിട്ടിരിക്കുന്നതുമൂലം എത്ര തൊഴിലാളി കൾക്ക് തൊഴിൽ നഷ്ടപ്പെട്ടിട്ടുണ്ട്;

(ബി) ഇവർക്ക് സബ്സിസ്റ്റൻസ് അലവൻസ് നല്കിവരുന്നുണ്ടോ :

(സി) ഈ വ്യവസായശാലകൾ അടച്ചുപൂട്ടിയതിന്റെ ഫലമായുള്ള ജീവിതക്ലേശം നിമിത്തം എത്ര തൊഴിലാളികൾ ആത്മഹത്യ ചെയ്തിട്ടു ണ്ടെന്നു വെളിപ്പെടുത്തുമോ?

ഉത്തരം

(എ) 3804 തൊഴിലാളികൾക്ക്.

(ബി) വ്യവസായ തൊഴിൽ തർക്കനിയമമനുസരിച്ച് ഇവർക്ക് സബ് സിസ്റ്റൻസ് അലവൻസ് നൽകുവാൻ നിയമവ്യവസ്ഥകളൊന്നും നിലവിലില്ല.

(സി) ഇക്കാരണത്താൽ തൊഴിലാളികൾ ആത്മഹത്യ ചെയ്തിട്ടുള്ള തായി വിവരമൊന്നും സർക്കാരിൽ ലഭിച്ചതായി കാണുന്നില്ല.

(ചോദ്യോത്തരങ്ങൾ കഴിഞ്ഞു.)

(ചോദ്യം 3573-ന്റെ ഉത്തരം എഡിറ്റിംഗ് ബ്രാഞ്ചിൽ ലഭിച്ചിട്ടില്ല)

[9.30.A.M]

മി. സ്പീക്കർ : റൂൾ 50 അനുസരിച്ചുള്ള ഒരു നോട്ടീസ് ചെയ റിന് ലഭിച്ചിട്ടുണ്ട്. റബ്ബറിന്റെ വിലയിടിവിനെ സംബന്ധിച്ചാണ് അത്. അത് അനുവദിക്കണമെന്ന് ചെയറിന് ആഗ്രഹമുണ്ട്. പക്ഷേ അനുവദിക്കാൻ യാതൊരു നിർവ്വാഹവുമില്ല. ഇന്നലെയും ഈ സഭ യുടെ ശ്രദ്ധക്ഷണിക്കപ്പെട്ട ഒരു വിഷയമാണ് ഇത് എന്നുള്ള നിലയിൽ അത് അടിയന്തിര പ്രമേയമായി പരിഗണിക്കാൻ നിർവ്വാഹമില്ല.

ശ്രീ. ആര്യാടൻ മുഹമ്മദ് : സർ, ഇത് അടിയന്തിരപ്രാധാന്യമുള്ള ഒരു ഇഷ്യൂ ആണ്.

ശ്രീ. പി.ജെ. ജോയി : സർ, ഇത് വളരെ ഗൗരവമുള്ള ഒരു കാര്യമല്ലേ?

മി. സ്പീക്കർ : ഇന്നലെ ചർച്ചചെയ്തത് റബ്ബറിന്റെ വിലയിടിവിനെക്കു റിച്ചാണ്. ഇതു സംബന്ധിച്ച് ഈ സഭയിൽ ധാരാളം ചർച്ചനടത്തി, സബ്മിഷ നുകൾ വന്നു. ഇന്നലെ കാളിംഗ് അറ്റൻഷൻ വന്നു. അതുകൊണ്ട് ഇന്നും ഇത് ചർച്ചചെയ്ത് തെറ്റായ ഒരു കീഴ്വഴക്കം സൃഷ്ടിച്ചുകൂടാ. ചെയറിന്റെ തീരുമാ നത്തെ ഒരിക്കലും ധിക്കരിക്കരുത്. നിങ്ങൾക്ക് ഉന്നയിക്കാം; വേണമെന്ന് പറ യാം. പക്ഷെ, ചെയറിന്റെ തീരുമാനത്തെ ധിക്കരിക്കരുത്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ.എം. മാണി : സർ, ഇതുവരെ ചർച്ചചെയ്തിട്ടും അതിന് ഒരു പരിഹാരമുണ്ടായില്ല. ഇതുവരെ റബ്ബറിന്റെ വിലയിടിവ് തടയുന്നതിന് ഗവൺമെന്റ് ഒരു ചെറുവിരൽപോലും അനക്കിയിട്ടില്ല. റബ്ബർ കൃഷിക്കാർ ..... (ബഹളം) .....

II. ശ്രദ്ധക്ഷണിക്കൽ

(1) വൈദ്യുതിനിരക്ക് വർദ്ധനവുമൂലം ചെറുകിട-കുടിൽ വ്യവസായ യൂണിറ്റുകൾ നേരിടുന്നതായി പറയപ്പെടുന്ന ബുദ്ധിമുട്ടുകൾ

ശ്രീ. പി.ജെ. ജോയി : സർ, വൈദ്യുതിനിരക്ക് വർദ്ധനവുമൂലം സംസ്ഥാനത്തെ ചെറുകിട-കുടിൽവ്യവസായ യൂണിറ്റുകളും എൻജിനീയറിംഗ് യൂണിറ്റുകളും അനുഭവിക്കുന്ന ഗുരുതരമായ ബുദ്ധിമുട്ടുകൾ സഭയുടെ ശ്രദ്ധയിൽക്കൊണ്ടുവരുന്നതിനാണ് ഞാൻ ഈ ശ്രദ്ധക്ഷണിക്കൽകൊണ്ട് ഉദ്ദേശിക്കുന്നത്. ഇതിന് ഒരു പരിഹാരം ഉണ്ടാകണം. വളരെ ഗുരുതരമായ സ്ഥിതിയാണ് ചെറുകിട വ്യവസായ മേഖലയിലുള്ള ആളുകൾ ഇന്ന് നേരിടുന്നത്. ഇത് നമ്മുടെ നാട്ടിലെ തൊഴിലവസരങ്ങൾ ഇല്ലാതാക്കാനും അതുവഴി പട്ടിണിയും ദുരിതവും വർദ്ധിപ്പിക്കാനും ഇടവരുത്തുമെന്നുള്ള കാര്യം ഞാൻ പറഞ്ഞറിയിക്കേണ്ട കാര്യമില്ല. വിദ്യുച്ഛക്തി നിരക്ക് വർദ്ധനവ് റദ്ദ് ചെയ്തേ മതിയാകൂ. ചെറുകിട കുടിൽവ്യവസായ യൂണിറ്റുകളൊക്കെ ഇന്ന് അടച്ചുപൂട്ടിക്കൊണ്ടിരിക്കുകയാണ്. നമ്മുടെ സംസ്ഥാനത്ത് ഒട്ടേറെ ചെറുകിട വ്യവസായങ്ങൾ നടക്കുന്നതായും വർഷംതോറും ആയിരക്കണക്കിന് ചെറുകിട വ്യവസായ യൂണിറ്റുകൾ രജിസ്റ്റർ ചെയ്യുന്നതായും വ്യവസായ വകുപ്പുമന്ത്രി പല പ്പോഴും നിയമസഭയിൽ പറഞ്ഞിട്ടുണ്ട്. രജിസ്റ്റർ ചെയ്യുന്ന വ്യവസായ യൂണിറ്റുകളുടെ എണ്ണം വർദ്ധിക്കുന്നുണ്ടെങ്കിലും അതോടൊപ്പംതന്നെ പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന ആയിരക്കണക്കിന് വ്യവസായ സ്ഥാപനങ്ങൾ പൂട്ടുന്നു. വൈദ്യുതിനിരക്ക് വർദ്ധിപ്പിക്കുന്നതിന് മുമ്പുതന്നെ ഒട്ടേറെ വ്യവസായ സ്ഥാപനങ്ങൾ മറ്റ് വിവിധ കാരണങ്ങൾകൊണ്ട് പൂട്ടിയിട്ടുണ്ട്. ആ സന്ദർഭത്തിൽ "പണ്ടേ ദുർബല, പിന്നെ ഗർഭിണി," എന്ന് പറഞ്ഞതുപോലെ വളരെയധികം ബുദ്ധിമുട്ടുകൾ അനുഭവിക്കുന്ന ചെറുകിട വ്യവസായ യൂണിറ്റുകൾക്കാണ് ഈ വിദ്യുച്ഛക്തി നിരക്ക് വർദ്ധനവ് ബാധകമാക്കിയിട്ടുള്ളത്. 1997 ഫെബ്രുവരി 1-ാം തീയതി വൈദ്യുതി നിരക്ക് 48 ശതമാനം വർദ്ധിപ്പിച്ചു; 1998 ഫെബ്രുവരി 1-ാം തീയതി 10 ശതമാനം വർദ്ധിപ്പിച്ചു; 1999 ഫെബ്രുവരി 1-ാം തീയതി 10 ശതമാനം വർദ്ധിപ്പിച്ചു. 1999 മേയ് 15-ാം തീയതി വീണ്ടും 40 ശതമാനം വർദ്ധിപ്പിച്ചു. കഴിഞ്ഞ രണ്ട് വർഷക്കാലത്തിനിടയിൽ വ്യവസായ സംരംഭകർക്ക് കൊടുക്കുന്ന വൈദ്യുതിയുടെ ചാർജ്ജ് 4 പ്രാവശ്യം വർദ്ധിപ്പിച്ച ഗവൺമെന്റിന്റെ നടപടികൊണ്ട് എങ്ങനെയാണ് ഇത് മുന്നോട്ടുകൊണ്ടുപോകാൻ കഴിയുന്നത്? എക്സ്ട്രാ ഹൈ ടെൻഷൻ, ഹൈ ടെൻഷൻ വ്യവസായങ്ങളെല്ലാം ഇന്ന് കടുത്ത പ്രതിസന്ധി നേരിടുകയാണെന്ന് നമുക്ക് എല്ലാവർക്കുമറിയാം. ഒട്ടേറെ വ്യവസായ സ്ഥാപനങ്ങൾ വിദ്യുച്ഛക്തിനിരക്ക് വർദ്ധിപ്പിച്ചു എന്നുള്ള കാരണംകൊണ്ട് അടച്ചുപൂട്ടാൻ ബഹുമാനപ്പെട്ട മന്ത്രിക്ക് നോട്ടീസ് നൽകിയിരിക്കുകയാണ്. ബഹുമാനപ്പെട്ട മന്ത്രി ശ്രീ. ശർമ്മ നിയമസഭയിൽ പറഞ്ഞു, ഓരോ വ്യക്തിയും ഓരോ സ്ഥാപനവും പ്രത്യേകമായി പരാതി കൊടുത്താൽ അതിനെക്കുറിച്ച് അന്വേഷിക്കാൻ തയ്യാറാകുമെന്ന്. അങ്ങനെ ഈ സംസ്ഥാനത്തെ ആളുകളെ മുഴുവൻ വലയ്ക്കാൻ കഴിയുകയില്ല. ഇതിൽ ക്രമമായ ഒരു കുറവ് വരുത്തിക്കൊണ്ടുമാത്രമേ ഈ പ്രശ്നം പരിഹരിക്കാൻ കഴിയൂ. ടി.സി.സി., കാർബോറാണ്ടം, ഐ.എ.എസ്.ഇ. ഇതൊക്കെ

LIBRARY ARCHIVES Kerala Legislative Assembly